# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ –6377 08.11.2016- ൽ മറുപടിയ്ക്ക്

## പ്രവാസി മലയാളി ക്ഷേമനിധി നിയമത്തിൽ ഭേദഗതികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ചിറ്റയം ഗോപകുമാർ**<br>**ശ്രീമതി ഗീതാ ഗോപി**<br>**ശ്രീ. ഇ.കെ. വിജയൻ**<br>**ശ്രീമതി സി.കെ. ആശ** | **ശ്രീ. പിണറായി വിജയൻ**<br>***(മുഖ്യമന്ത്രി)*** |
| എ) പ്രവാസി മലയാളി ക്ഷേമനിധി നിയമത്തിൽ ഏതൊക്കെ തരത്തിലുള്ള ഭേദഗതികൾ വരുത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | എ) പ്രവാസി മലയാളി ക്ഷേമനിധി നിയമത്തിൽ ഭേദഗതികൾ വരുത്തുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| ബി) ഒരു ലക്ഷം കോടിയിൽ പരം രൂപ വരുന്ന പ്രവാസി നിക്ഷേപത്തെ ഫലപ്രദമായി ഉപയോഗിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | ബി) നാട്ടിലെ ബിസിനസ്സ് സംരംഭങ്ങളിൽ പ്രവാസികൾ പണം നിക്ഷേപിക്കുന്നതിനും, സംസ്ഥാനത്തെ നിക്ഷേപ സാധ്യതകളെ പ്രവാസി കേരളീയരുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും വിവിധ മേഖലകളിൽ നിക്ഷേപിക്കുവാൻ സന്നദ്ധതയുള്ളവർക്ക് ആവശ്യമായ കൈത്താങ്ങൽ നല്കുകയെന്ന ലക്ഷ്യത്തോടെയും നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.<br>നിക്ഷേപ തല്പരരായ പ്രവാസികൾക്ക് ഈ സെന്റർ വിവിധ അനുമതികൾ നേടുന്നതിൽ ഒരു ഏക ജാലക സംവിധാനമായി പ്രവർത്തിച്ചു വരുന്നു. സംസ്ഥാനത്തെ നിക്ഷേപ സംരംഭ സാധ്യതകളെക്കുറിച്ച് താത്പര്യമുള്ള നിക്ഷേപകർക്ക് സമഗ്രമായ വിവരങ്ങൾ ഈ കേന്ദ്രം ലഭ്യമാക്കി വരുന്നു. |

സേവനങ്ങൾ

- സ്വയം സംരംഭങ്ങൾ ആരംഭിക്കുവാൻ തയ്യാറാകുന്ന പ്രവാസി മലയാളികൾക്കും കുടുംബാഗങ്ങൾക്കും സ്വയം തൊഴിൽ പരിശീലനം നല്കുക.
- വിവിധ മേഖലയിൽ നിക്ഷേപങ്ങൾ നടത്തുവാൻ ആഗ്രഹിക്കുന്നവർക്ക് ആവശ്യമായ പദ്ധതി നിർദ്ദേശങ്ങൾ തയ്യാറാക്കൽ, പരിശീലന പരിപാടികൾ, സെമിനാറുകൾ
- പദ്ധതിക്ക് ആവശ്യമായ അനുമതി തേടുന്നതിന് സഹായം നല്കൽ
- പ്രവാസികൾ തുടങ്ങുന്ന കമ്പനികളുടെ വെർച്ചൽ ഓഫീസുകൾ, സെക്രട്ടേറിയൽ സർവ്വീസുകൾ
- പ്രവാസി മലയാളികളുടെ വിവിധ ആവശ്യങ്ങൾക്ക് അപേക്ഷകൾ/രേഖകൾ തയ്യാറാക്കൽ, രേഖകളുടെ മൊഴി മാറ്റം
- പാസ്പോർട്ട് തുടങ്ങിയവയുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിന് സഹായിക്കൽ
- പ്രവാസി മലയാളികളുടെ കുടുംബാംഗങ്ങൾക്കായി ബി.പി.ഒ സ്ഥാപിക്കൽ
- മറ്റ് കൺസൾട്ടൻസി സേവനങ്ങൾ.

| | | | |
|---|---|---|---|
| സി) | പ്രവാസികൾക്കായി ഒരു സമഗ്ര പുനരധിവാസ പദ്ധതി ആവിഷ്കരിക്കുമോ ? | സി) | മടങ്ങിവന്ന പ്രവാസികളുടെ പുനധിവാസം മുൻ നിർത്തി അവരെ പ്രത്യേക ഗുണഭോക്താക്കളായി പരിഗണിച്ച് സർക്കാർ നടപടിക്രമങ്ങൾ പാലിച്ച്, സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ കൈതാങ്ങൽ നല്കുന്ന |

"നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്റ്റ് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) " എന്ന പദ്ധതിയുണ്ട്.

അതിനു പുറമെ തിരികെയെത്തിയ പ്രവാസികൾക്കായി ഒരു സമഗ്ര പുനരധിവാസ പദ്ധതി ആവിഷ്കരിക്കുന്നതിനു വേണ്ട പഠനം നടത്തി റിപ്പോർട്ട് നല്കാൻ ഐക്യരാഷ്ട്ര സഭയുടെ കീഴിലുള്ള യു.എൻ.ഡി.പി.യുമായും സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസുമായും പ്രാഥമിക ചർച്ചകൾ നടത്തിയിട്ടുണ്ട്. ഇതിൽ സർക്കാർ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**